


## വിചിന്തനം

ഓഗസ്റ്റ് 2023

ഒരു പരിപാടിയിൽ മികച്ച നേതൃത്വ ഗുണങ്ങളെ കുറിച്ച് ചർച്ച നടക്കുന്ന വേദി. സമർപ്പണം, വ്യക്തമായ ദർശനം, കഠിനാധ്വാനം,  അണികളെ ഒരുമിച്ചുനിർത്താനുള്ള കഴിവ് എന്നിങ്ങനെ പങ്കെടുത്തവർ ഒട്ടേറെ ഗുണങ്ങൾ കണ്ടെത്തി. തുടർന്ന്, ഈ ഗുണങ്ങളുള്ള ലോകനേതാക്കളെ കണ്ടെത്താനായി ശ്രമം. യേശു ക്രിസ്തു, മഹാത്മാഗാന്ധി, ലിങ്കൺ, മദർ തെരേസ അങ്ങനെപോയി പട്ടിക. അതിനിടെ ഒരാൾ ഉറക്കെപ്പറഞ്ഞു, 'ഹിറ്റ്ലർ'. മറ്റുള്ളവർ അതു ചിരിച്ചുതള്ളിയപ്പോഴും അദ്ദേഹം താൻ പറഞ്ഞതിൽ ഉറച്ചുനിന്നു. 'എന്തുകൊണ്ട് പറ്റില്ല? ആയിരക്കണക്കിനാളുകളെ കൊന്നിട്ടുണ്ടാകാം, എങ്കിലും ഹിറ്റ്ലർ നേതാവല്ലേ?'

ഇനി നാം ധ്യാനിക്കുന്ന വചനത്തിലേക്കുവരാം. യേശു പറയുന്ന 'ഇരുളാകുന്ന പ്രകാശം' പലരെയും ആശയക്കുഴപ്പത്തിലാക്കുന്നുണ്ടാകും. വിളക്കിൽനിന്ന് തെളിച്ചമുള്ളതോ മങ്ങിയതോ ആയ പ്രകാശം വരുന്നത് നാം കണ്ടിട്ടുണ്ട്. അതു ചുവപ്പോ നീലയോ വെളിച്ചം പുറപ്പെടുവിക്കുന്നതും നമുക്ക് സങ്കൽപിക്കാനാകും. എന്നാൽ ഒരു വിളക്കിനെങ്ങനെയാണ് ഇരുട്ട് പുറപ്പെടുവിക്കാൻ കഴിയുന്നത്? കർത്താവിന്റെ വാക്കുകൾ വ്യക്തമാണ്. നമുക്ക് അതു സാവകാശം മനസ്സിലാകും. നമുക്ക് ആനന്ദവും സ്നേഹവും പരത്താൻ കഴിയുമെന്നതുപോലെ മറ്റുള്ളവരിലേക്ക് വെറുപ്പും ആശങ്കയും പരത്താനും കഴിയുമെന്നാണ് അവിടുന്ന് അർഥമാക്കുന്നത്. നമുക്ക് പ്രകാശം പരത്തുന്നവരോ ഇരുട്ടിന്റെ വാഹകരോ ആകാം.

വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ശ്രദ്ധിക്കാം, ''ഒരുവന്റെ പ്രവൃത്തിയേക്കാളധികമായി അവന്റെ ഉദ്ദേശ്യമാണ് നാം പരിഗണിക്കേണ്ടത്. കാരണം ഉദ്ദേശ്യമാണ് നമ്മിലെ വെളിച്ചം''. മറ്റുള്ളവർക്ക് നമ്മുടെ പ്രവൃത്തികൾ കാണാനും വാക്കുകൾ കേൾക്കാനും കഴിയുമെങ്കിലും ഉദ്ദേശ്യങ്ങൾ മനസ്സിലാക്കാൻ കഴിയില്ല. ഇവിടെ യേശു നമ്മെ വെല്ലുവിളിക്കുന്നത് നമ്മുടെ യഥാർഥ ഉദ്ദേശ്യം പരിശോധിക്കാനാണ്.

ഇതിനു സമാനമായ ഒരു ഭാഗം മത്തായിയുടെ സുവിശേഷത്തിൽ (മത്താ 6, 23) നാം കാണുന്നുണ്ട്. മറ്റുള്ളവരെ കാണിക്കാനായി നടത്തുന്ന ഭക്താഭ്യാസങ്ങളെക്കുറിച്ചും (മത്താ 6, 16) ഭൗതികനേട്ടങ്ങളോടുള്ള ആർത്തിയെക്കുറിച്ചും (മത്താ 6, 19) പറഞ്ഞതിനുശേഷമാണ് കർത്താവ് ഇതു പറയുന്നത്. നമ്മുടെ സമ്പാദ്യമെവിടെയാണോ അവിടെയായിരിക്കും നമ്മുടെ ഹൃദയമെന്ന് ഓർമിപ്പിച്ചുകൊണ്ടാണ് അവിടുന്ന് അവസാനിപ്പിക്കുന്നത്. ഇതിന്റെ അർഥമെന്താണെന്ന് ഓഹ്രിദിലെ തിയോഫിലാക്റ്റ് (എഡി 1107) വിശദീകരിക്കുന്നുണ്ട്. ''നിങ്ങൾ പണത്തെക്കുറിച്ചുള്ള വേവലാതികൊണ്ട് മനസ്സുനിറച്ചിരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളിലെ വിളക്കുകെടുത്തിയിട്ട്, ആത്മാവിനെ ഇരുട്ടിലാക്കിയിരിക്കുന്നു. ആശങ്കകളാൽ അന്ധമാക്കപ്പെട്ട മനസ്സ് ഇരുട്ടിലാണ്. അത് ആത്മാവിനെയും ഇരുട്ടാക്കുന്നു.''

അപ്പോൾ നാം എങ്ങനെയാണ് നമ്മുടെ ഹൃദയത്തിൽ ഇരുട്ടല്ല, പ്രകാശമാണ് നിറഞ്ഞിരിക്കുന്നത് എന്ന് ഉറപ്പാക്കുന്നത്? നമ്മിലെ വിളക്ക് അണയാതെ സൂക്ഷിക്കാനുള്ള അതിയായ ആഗ്രഹമാണ് വിശുദ്ധിയിലേക്കുള്ള യാത്രയുടെ അടിസ്ഥാനം. ദൈവത്തിന്റെ വഴികൾ ഗൗരവായി തേടുന്നതാണ് ആദ്യപടി. നമ്മുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ദൈവഹിതത്തിനനുസൃതമാണോ എന്ന്  അനുദിനം ആത്മപരിശോധന ചെയ്യുന്ന ശീലത്തിലേക്ക് ഇത് നമ്മെ എത്തിക്കും. എന്നാൽ ഇത്തരം വ്യക്തിപരമായ ശ്രമങ്ങൾ നമ്മെ യഥാർഥ പാതയിലെത്തിക്കാൻ പര്യാപ്തമാണോ?

വചനം നമ്മെ ഓർമിപ്പിക്കുന്നു, ''ഹൃദയം മറ്റെന്തിനെക്കാളും കാപട്യമുള്ളതാണ്; ശോചനീയമാംവിധം ദുഷിച്ചതുമാണ്. അതിനെ ആർക്കാണു മനസ്സിലാക്കാൻ കഴിയുക?'' (ജറെ 17,9) മറ്റുള്ളവരുടെ പെരുമാറ്റം മനസ്സിലാക്കാൻ നമുക്ക് ബുദ്ധിമുട്ടാണ്. എന്നാൽ പലപ്പോഴും നമ്മുടെ തന്നെ വഴികൾപോലും നമുക്ക് മനസ്സിലാകുന്നില്ലെന്നതാണു സത്യം. വി.പൗലോസ് പറയുന്നതുപോലെ, ''ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണ് ഞാൻ പ്രവർത്തിക്കുന്നത്.'' (റോമ 7, 15) അതിനാൽ വിശുദ്ധി നമ്മിൽനിന്ന് പരിപൂർണമായ എളിമ ആവശ്യപ്പെടുന്നു. നമ്മുടെ ആത്മദാരിദ്ര്യം  അംഗീകരിച്ചുകൊണ്ട് നാം ഏറ്റുപറഞ്ഞേ മതിയാകൂ, ''കർത്താവേ അങ്ങയെക്കൂടാതെ എനിക്ക് ഒന്നിനും കഴിവില്ല.''

ഏറ്റവും ഗുരുതരമായ പ്രശ്നം നമ്മുടെ ആന്തരിക മുറിവുകളാണ്. മുറിപ്പെടുത്തുന്ന അനുഭവങ്ങൾ നമ്മുടെയുള്ളിൽ ഇരുട്ട് നിറയ്ക്കുമെന്ന് നമുക്കറിയാം. നമ്മിൽ പലരും കുറവുകളുടെയും അപമാനത്തിന്റെയും കുറ്റബോധത്തിന്റെയും ഇരുണ്ടകോണുകളിൽ  നമ്മെത്തന്നെ ഒളിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. നമ്മുടെയുള്ളിലെ ഇരുണ്ടയിടങ്ങളിലേക്ക് നാം എങ്ങനെ പ്രകാശമെത്തിക്കും? നമ്മുടെ മുറിവുകളെ ദൈവത്തിന്റെയും അയൽക്കാരന്റെയും സ്നേഹത്തിലേക്കു തുറന്നുവയ്ക്കുമ്പോഴാണ് അത് സംഭവിക്കുന്നത്. ബന്ധങ്ങളിലെ ആഴമേറിയ പങ്കുവയ്ക്കലുകളും സ്നേഹത്തിലാഴ്ന്ന കൂട്ടായ്മകളും നമ്മിലേക്ക് സൗഖ്യവും വെളിച്ചവും പകരും. അപ്പസ്തോലൻ പറയുന്നതുപോലെ, ''പ്രകാശിതമായതെല്ലാം പ്രശോഭിക്കും. ഇങ്ങനെ പ്രശോഭിക്കുന്നതെല്ലാം പ്രകാശമാണ്.'' (എഫേ 5, 1213)

ആന്തരീകമായ ഇരുട്ടിനെക്കുറിച്ചുള്ള കർത്താവിന്റെ മുന്നറിയിപ്പ് നാം ഗൗരവമായെടുത്താൽ നമ്മിലെ ഇരുട്ടിനെ അകറ്റാൻ സഹായിക്കുന്ന അവസരങ്ങൾ എല്ലായിടത്തും നാം കണ്ടെത്തും. നമുക്കു ചുറ്റുമുള്ളവർ, മിത്രങ്ങളും ശത്രുക്കളുമെല്ലാം നമ്മുടെ സഹായത്തിനെത്തും. കണ്ണാടിയിൽനോക്കി നാം മുഖത്തെ കുറവുകൾ മനസ്സിലാക്കുന്നതുപോലെയാണ് ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്കു യാത്ര ചെയ്യുന്ന എളിമയുള്ള ക്രൈസ്തവൻ മറ്റുള്ളവരിൽനിന്ന് തിരുത്തലുകൾ സ്വീകരിക്കുന്നത്. അവനെ സംബന്ധിച്ച് മറ്റുള്ളവരുടെ വാക്കുകൾ തന്റെ ആന്തരിക വെളിച്ചത്തെ ഉജ്ജ്വലിപ്പിക്കാനുള്ള മാർഗമാണ്. ക്രിയാത്മകമായ വിമർശനവും തിരുത്തലും എളിമയോടെ സ്വീകരിക്കുന്നത്  ആന്തരിക വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ വളരെയേറെ സഹായകമാകും. ആത്മീയതയുടെ പാതയിൽ മറ്റൊരാൾ നമ്മെ നിരന്തരം നയിക്കുന്നതുപോലെയാണത്. എല്ലാറ്റിനുമുപരിയായി, അനുരഞ്ജന കൂദാശയാണ് നമ്മിലെ പ്രകാശം മങ്ങാതിരിക്കാൻ ഏറ്റവുമധികം നമ്മെ സഹായിക്കുന്നത്.

സങ്കീർത്തകനോടു ചേർന്ന് നമുക്കും തീക്ഷ്ണമായി പ്രാർഥിക്കാം ''കർത്താവേ,  എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ'' (സങ്കീ 19,4)

ഡോ. എഡ്വേർഡ് എടേഴത്ത്

---

ജിസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനിയായ 'എഡ്ഡി ചേട്ടൻ'  ഇപ്പോൾ യുഎസിലെ ഫ്ലോറിഡയിൽ ഭാര്യ ഓഡ്രിക്കൊപ്പം താമസിക്കുന്നു. 'അമോറിസ് ക്രിസ്റ്റി'യിൽ അക്കാദമിക് ഡീനായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹം ഇന്റർനാഷണൽ ഫോർമേഷൻ ടീമിന്റെ ആനിമേറ്റർ കൂടിയാണ്.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*